# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1233 04.02.2019 -ൽ മറുപടിക്ക്

**നീന്തൽ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പാറക്കൽ അബ്ദുല്ല | പ്രൊഫ.സി.രവീന്ദ്രനാഥ്<br>( പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| **എ** | പുതിയ തലമുറയിലെ കുട്ടികളിൽ തൊണ്ണൂറ് ശതമാനത്തിനും നീന്തൽ വശമില്ലെന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | **എ** | ധാരാളം കുട്ടികൾ നീന്തലറിയാത്തവരാണെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ട്. |
| **ബി** | ഇതു കാരണം കഴിഞ്ഞ ആഗസ്റ്റ് മാസം മുതൽക്കിങ്ങോട്ടുള്ള അഞ്ച് മാസങ്ങൾക്കിടയിൽ മുങ്ങിമരിച്ചത് അൻപത്താറ് കുട്ടികളാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | **ബി** | ഉണ്ട് |
| **സി** | വിനോദസഞ്ചാരത്തിനിടെ വെള്ളച്ചാട്ടങ്ങൾ സന്ദർശിക്കുന്നതിനിടയിൽ മുങ്ങിമരിക്കുന്നവരിലും ക്വാറിയിലും പുഴയിലും കുളിക്കടവിലും കുളിക്കാനിറങ്ങി മുങ്ങിമരിക്കുന്നവരിലും ഭൂരിഭാഗവും വിദ്യാർത്ഥികളാണെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; | **സി** | ശ്രദ്ധയിൽപെട്ടിട്ടുണ്ട് |

| | | | |
|---|---|---|---|
| ഡി | തട്ടേക്കാട് ബോട്ടപകടത്തിൽ പതിനെട്ട് പേർ മരിച്ചപ്പോൾ അതിൽ പതിനഞ്ച് പേരും വിദ്യാർത്ഥികളായി രുന്നുവെന്ന കാര്യം പരിശോധിക്കുക യുണ്ടായോ; | ഡി | ഉണ്ടായി. ധാരാളം വിദ്യാർത്ഥികൾ മുങ്ങി മരണത്തിൽ പ്പെടുന്നതായി ശ്രദ്ധയിൽപ്പെ ട്ടിട്ടുണ്ട്. |
| ഇ | എങ്കിൽ നീന്തൽ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും സ്കൂളുകളോട നുബന്ധിച്ച് ഇതിനുള്ള ഭൗതിക സൗകര്യങ്ങൾ ഒരുക്കുന്നതിനും നടപടി സ്വീകരിക്കുമോ? | ഇ | സ്കൂൾ പദ്ധതിയിൽ കായിക വിദ്യാഭ്യാസത്തിന്റെ ഭാഗമായി നീന്തൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ എല്ലാ പ്രദേശങ്ങളിലും നീന്തൽ പരിശീലിക്കുന്നതിനുള്ള ഭൗതിക സൗകര്യങ്ങൾ ലഭ്യമല്ലാ ത്തതിനാലും വിദഗ്ധരായ നീന്തൽ പരിശീലകരുടെ അഭാവം കൊണ്ടും എല്ലാ കുട്ടികൾക്കും നീന്തൽ പരിശീനം ഉറപ്പ് വരുത്താൻ കഴിയുന്നില്ല. എന്നാൽ, പ്രാദേശിക സർക്കാരുകളുമായി ചേർന്നും വിവിധ സന്നദ്ധ സംഘടനകളുടെ സഹകര ണത്തോടെയും നീന്തൽ പരിശീലനവും ബോധവൽക്ക രണവും വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നു. |

**സെക്ഷൻ ഓഫീസർ**